## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 366 — 11. 06. 2013 ൽ മറുപടിക്ക്

### ലാഭപ്രഭ പദ്ധതി

**ചോദ്യം** — **ഉത്തരം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി ആരംഭിച്ച "ലാഭ പ്രഭ" യിൽ എത്രപേർ അംഗങ്ങളായി ; ഇതിൽ എത്ര പേർക്ക് സമ്മാനം നൽകി; | (എ) | ലാഭപ്രഭയിൽ 2013 മെയ് 31 വരെ 1.37 ലക്ഷം പേർ എസ്.എം.എസ്. അയച്ച് അംഗങ്ങളായി. ഇതിൽ മെയ് മാസം ഒന്നിന് മുമ്പ് രജിസ്റ്റർ ചെയ്ത എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും ഒരു സി.എഫ്. എൽ വീതം പ്രോത്സാഹനസമ്മാന മായി നൽകിത്തുടങ്ങി. തുടർന്നുള്ള സമ്മാനങ്ങളായ സൌരോർജ്ജറാന്തൽ, ഒരു കിലോവാട്ട് സോളാർ പ്രൊജക്ട് എന്നിവ യഥാർത്ഥ ബില്ലിന്റെ പരിശോധന നടത്തിയശേഷം അർഹരായവർക്ക് നൽകും. ഇതിനുള്ള പ്രാരംഭപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |
| (ബി) | ഇതിലൂടെ ഓരോ മാസവും എത്ര വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞു ; | (ബി) | 2013 മാർച്ച് അവസാനം മുതൽ മെയ് 31 വരെയുള്ള കാലത്ത് പ്രതീക്ഷിച്ചിരുന്ന ഉപഭോഗത്തെക്കാൾ പൊതുവെ ഉപഭോഗം കുറഞ്ഞത് ലാഭപ്രഭ, നോ ലോഡ് ഷെഡിംഗ് എന്നീ പദ്ധതികളുടെ കൂടി ഫലമായിട്ടാണ്. <br> മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യുണി റ്റായിരുന്നു യഥാർത്ഥ ഉപഭോഗം. എന്നാൽ ഏപ്രിൽ മാസത്തിലെ കനത്ത വരൾച്ചയും ഉ ഷ്ണകാലാവസ്ഥയും മൂലം 56.5 ദശലക്ഷം യൂണിറ്റ് ഉപഭോഗം |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിച്ചിരുന്ന സ്ഥാന ത്ത് 59.5 ദശലക്ഷം യൂണിറ്റായിരുന്നു പ്രതി ദിന ഉപഭോഗം. |
| (സി) | പദ്ധതിയിൽ പങ്കാളിയായ മൊബൈൽ കമ്പനികൾ ഒരു എസ്.എം.എസ്. ന് ഗുണഭോക്താവിൽ നിന്ന് എന്ത് തുകയാണ് ഈടാക്കിയിരുന്നത്; കെ.എസ്.ഇ.ബി മൊബൈൽ കമ്പനിക്ക് എസ്.എം .എസ് അയയ്ക്കുന്നതിന് തുക എന്തെങ്കിലും കൊടുക്കേണ്ടി വന്നിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ ; | (സി) | ഈ പദ്ധതിയിൽ മൊബൈൽ കമ്പനികൾ പങ്കാളികളല്ല. ഓരോ ഉപഭോക്താവും ഏതു കമ്പനിയുടെ മൊബൈൽ കണക്ഷനാണോ ഉപയോഗിക്കുന്നത് അതനുസരിച്ചുള്ള താരിഫ് പ്രകാരം സാധാരണ എസ്.എം.എസ്. ചാർജ്ജേ നൽകേണ്ടതുള്ളൂ. എന്നാൽ ആൻഡ്രോയിഡ് ഫോണിൽ ലാഭപ്രഭയുടെ മൊബൈൽ ആപ്ലിക്കേഷൻ സൗജന്യ മായി ഡൗൺലോഡ് ചെയ്യുവർക്ക് എസ്.എം. എസി.ന് പ്രത്യേകിച്ച് ചെലവില്ല. എസ്.എം. എസ്. വഴി രജിസ്ട്രേഷനുള്ള സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയത്. സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 95,506 രൂപയും,ഇൻകമിംഗ് ഔട്ട്ഗോയിംഗ് ഉൾപ്പെടെ മെസ്സേജ് ഒന്നിന് രൂ. 0.2528 നിരക്കിൽ 32,65,401 മെസ്സേജുകൾക്ക് ആകെ രൂ. 8,25,493/- ഉം കെൽട്രോണിന് നൽകേണ്ടതുണ്ട്. |
| (ഡി) | 2012, 2013 എന്നീ വർഷങ്ങളിൽ ഏപ്രിൽ, മേയ് മാസങ്ങളിലെ വൈദ്യുതി ഉപഭോഗം സംസ്ഥാനത്ത് ആകെ എത്രയായിരുന്നു ; | (ഡി) | മാസം — പ്രതിദിന ശരാശരി<br>ഏപ്രിൽ 2012 — 55.88451 Mu<br>മെയ് 2012 — 57.79636 Mu<br>ഏപ്രിൽ 2013 — 59. 0764 Mu<br>മെയ് 2013 — 57.0791 Mu |
| (ഇ) | ലാഭപ്രഭ പദ്ധതിയുടെ പരസ്യത്തിനായി എന്തു തുക ചെലവായിയെന്ന് വ്യക്തമാക്കുമോ? | (ഇ) | ലാഭപ്രഭ പദ്ധതിയുടെ പ്രചാരണത്തിനായി ഇതിനകം ഉദ്ദേശം 3.50 കോടി രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്. ദൃശ്യശ്രാവ്യപത്ര മാധ്യമങ്ങളുടെ ഇതു സംബന്ധിച്ചുള്ള ബില്ലുകളെല്ലാം ഇനിയും ലഭിക്കേണ്ടതുണ്ട്. എല്ലാം കൂടി ലഭിച്ചുകഴിഞ്ഞാൽ മാത്രമേ കൃത്യമായ തുക അറിയാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ